III ഇ.ബി. XII-കേരള നിയമസഭ /V-2

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികളുടെ ചുരുക്കം**

**2007 ജൂൺ 20, ബുധൻ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ഉന്നയിക്കുകയും അവയിൽ *31,*40 എന്നിവയ്ക്ക് കൃഷി വകുപ്പുമന്ത്രിയും *32-ന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയും മറുപടി നൽകുകയും ചെയ്തു.

## II പ്രത്യേക പരാമർശം

സംസ്ഥാനത്താകമാനം വ്യാപിച്ചുകൊണ്ടിരിക്കുന്ന പകർച്ചപ്പനിയെപ്പറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ 19-6-07-ന് അടിയന്തിര പ്രമേയത്തിന് നോട്ടീസ് കൊണ്ടുവന്നെങ്കിലും സർക്കാർ ചർച്ചയ്ക്ക് തയ്യാറാകാത്ത സാഹചര്യത്തിൽ ഈ വിഷയം റൂൾ 130 അനുസരിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി ശ്രീ.കെ.സി.ജോസഫ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഏറ്റവും വേഗത്തിൽ ഈ വിഷയം ചർച്ച ചെയ്യാൻ അവസരം

ഉണ്ടാക്കണമെന്നും പ്രതിപക്ഷനേതാവ് ശ്രീ ഉമ്മൻ ചാണ്ടി ചൂണ്ടിക്കാണിച്ചപ്പോൾ ഇന്ന് ബി.എ.സി. കൂടുന്നുണ്ടെന്നും അപ്പോൾ ഇക്കാര്യം ചർച്ച ചെയ്യുന്നതാണെന്നും ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

## III. അടിയന്തിര പ്രമേയം

മൂന്നാറിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ സർക്കാർ നിയോഗിച്ച ദൗത്യസംഘത്തെ നിർവീര്യമാക്കുകയും ഒഴിപ്പിക്കൽ നടപടികൾ അട്ടിമറിക്കുകയും ചെയ്യുന്നതുമൂലമുണ്ടായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ വി.ഡി. സതീശനും മറ്റ് മൂന്ന് അംഗങ്ങളും നൽകിയ അടിയന്തിരപ്രേമയ നോട്ടീസിന് റവന്യൂ വകുപ്പുമന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻചാണ്ടി, സി.എഫ്. തോമസ്, സി.ടി. അഹമ്മദ് അലി, തോമസ് ചാണ്ടി എന്നീ നേതാക്കന്മാർ പ്രസ്താവനകൾ നടത്തുകയും അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോവുകയും അൽപസമയ ത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരാകുകയും ചെയ്തു.

## IV. ശ്രദ്ധ ക്ഷണിക്കൽ

(1) കെ.ഇ.ആർ. പരിഷ്ക്കരണ സമിതിയുടെ ശുപാർശകൾമൂലം സംസ്ഥാനത്തെ വിദ്യാർഥി-അദ്ധ്യാപക-രക്ഷാകർതൃ വിഭാഗങ്ങൾക്കു ണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്കകളിലേയ്ക്ക് ശ്രീ. കെ.സി. വേണുഗോപാൽ വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും

വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) കാലവർഷക്കെടുതിയിൽ വിളനാശം സംഭവിക്കുന്ന കൃഷിക്കാർക്ക് ഇപ്പോൾ നൽകിവരുന്ന നഷ്ടപരിഹാരം കാലോചിതമായി പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ജോർജ് എം. തോമസ് റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

## V. **ചെയർമാൻമാരുടെ പാനൽ**

സർവ്വശ്രീ കെ. രാജു, സാജു പോൾ, കെ.കുട്ടി അഹമ്മദ് കുട്ടി എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പന്ത്രണ്ടാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനക്കാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## VI. **സബ്മിഷൻ**

(1) തിരുവനന്തപുരം സ്വദേശി മുരുകനെ നൈജീരിയയിൽ തീവ്രവാദികൾ തട്ടിക്കൊണ്ടുപോയത് സംബന്ധിച്ച് ശ്രീ. വി. സുരേന്ദ്രൻ പിള്ള ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(2) കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. എ.എ. അസീസ് ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി.

( ഇതേ വിഷയം സംബന്ധിച്ച് ശ്രീ. ബി. രാഘവനും സബ്മിഷന് നോട്ടീസ് നൽകിയിരുന്നു.)

(3) മലപ്പുറം ജില്ലയിൽ പ്ലസ് ടു കോഴ്സിന് പുതിയ സ്ക്കൂളുകളും ബാച്ചുകളും അനുവദിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എ.പി. അനിൽകുമാർ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

( ഇതേ വിഷയം സംബന്ധിച്ച് സർവ്വശ്രീ എ.സി. മൊയ്തീൻ, കെ.വി. കുഞ്ഞിരാമൻ, കെ. കുഞ്ഞമ്മത് മാസ്റ്റർ, രാമചന്ദ്രൻ കടന്നപ്പള്ളി, കെ. കുട്ടി അഹമ്മദ് കുട്ടി, വി. ശശികുമാർ എന്നീ അംഗങ്ങളും സബ്മിഷന് നോട്ടീസ് നൽകിയിരുന്നു.)

(4) കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ഓർഡിനൻസ് ദുരുപയോഗം ചെയ്യുന്നത് സംബന്ധിച്ച് ശ്രീ. എം. ഉമ്മർ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) തിരൂരിലെ കോടതി സമുച്ചയ നിർമ്മാണം പൂർത്തിയാക്കേണ്ടത് സംബന്ധിച്ച് ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(6) കടലാക്രമണ പ്രതിരോധ പദ്ധതികൾ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. ടി.എൻ. പ്രതാപൻ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും മറുപടി നൽകി.

(7) പൊഴിയൂരിൽ കടലാക്രമണംമൂലം ദുരതം അനുഭവിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകേണ്ടത് സംബന്ധിച്ച് ശ്രീ. ആർ. സെൽവരാജ് ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(8) ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിൽ കടലാക്രമണം മൂലമുണ്ടായിട്ടുള്ള ദുരിതങ്ങൾ സംബന്ധിച്ച് ശ്രീ. ബി. ബാബു പ്രസാദ് ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(9) സംസ്ഥാനത്തെ ഫിഷറീസ് ടെക്നിക്കൽ സ്ക്കൂളുകളിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. പി. വിശ്വൻ ഉന്നയിച്ച സബ്മിഷന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി മറുപടി നൽകി.

## VII. മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VIII. റിപ്പോർട്ട് സമർപ്പണം

2007-ലെ കേരള വർഷകാല മൽസ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു.

## IX. ധനകാര്യം

### 2007-08 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-൦ നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 119,63,35,000 രൂപ അനുവദിക്കണമെന്ന പ്രമേയം മുഖ്യമന്ത്രി അവതരിപ്പിക്കുകയും പ്രമേയത്തെ ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി പിന്താങ്ങുകയും ചെയ്തു.

പ്രസ്തുത ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

താഴെപ്പറയുന്ന അംഗങ്ങൾ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തു.

1. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. അബ്ദുറഹിമാൻ രണ്ടാത്താണി
4. ശ്രീ. അൽഫോൺസ് കണ്ണന്താനം
5. ശ്രീ. എൻ. അനിരുദ്ധൻ
6. ശ്രീ. സി.എഫ്. തോമസ്
7. ശ്രീ. എം.കെ. പ്രേംനാഥ്
8. ശ്രീ. പി.ജെ. ജോസഫ്
9. ശ്രീ. എ.എ. അസീസ്
10. ശ്രീ. പി.സി. ജോർജ്
11. ശ്രീ. എ.സി. മൊയ്തീൻ
12. ശ്രീ. കെ.കെ. ഷാജു.
13. ശ്രീമതി കെ.കെ.ശൈലജ ടീച്ചർ
14. ശ്രീ. പി. കൃഷ്ണപ്രസാദ്
15. ശ്രീ. സി.പി. മുഹമ്മദ്
16. ശ്രീ. പി. ജയരാജൻ
17. ശ്രീ. ഉമ്മൻചാണ്ടി

ധനാഭ്യർത്ഥന ചർച്ചയ്ക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും മറുപടി നൽകി.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥന 32-നെതിരെ 78 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## X. കാര്യവിവരപ്പട്ടികയിലില്ലാത്ത വിഷയത്തിന്റെ പരിഗണന

കാര്യോപദേശക സമിതിയിലുണ്ടായ ധാരണ അനുസരിച്ച് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ കേരള വർഷകാല മൽസ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണ ബിൽ പരിഗണനയ്ക്കെടുക്കുന്നതായി ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

## XI. നിയമനിർമ്മാണം.

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ കേരള വർഷകാല മൽസ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>

2007-ലെ കേരള വർഷകാല മൽസ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി അവതരിപ്പിക്കുകയും. പ്രമേയത്തെ ജലവിഭവ വകുപ്പുമന്ത്രി പിന്താങ്ങുകയും ചെയ്തു.

ബില്ലിന് വിയോജനക്കുറിപ്പ് അവതരിപ്പിച്ച് ശ്രീ.ടി.എൻ. പ്രതാപൻ സംസാരിച്ചു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി മറുപടി പറഞ്ഞു.

2007-ലെ കേരള വർഷകാല മൽസ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പരിഗണനയ്ക്കെടുക്കുകയും ചെയ്തു.

ബില്ലിന്റെ പരിഗണനാവേളയിൽ 2-ാം വകുപ്പിന് ശ്രീ. ടി.എൻ പ്രതാപൻ അവതരിപ്പിച്ച ഭേദഗതിയും 4-ാം വകുപ്പിന് ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സഭ അംഗീകരിച്ചു.

2007-ലെ കേരള വർഷകാല മൽസ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി അവതരിപ്പിക്കുകയും പ്രമേയത്തെ ജലവിഭവ വകുപ്പുമന്ത്രി പിന്താങ്ങുകയും ചെയ്തു.

2007-ലെ കേരള വർഷകാല മൽസ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

ബിൽ പാസ്സാക്കുന്നതിന് സഹകരിച്ച ഭരണ-പ്രതിപക്ഷാംഗങ്ങളെയും വകുപ്പുമന്ത്രിയെയും ബഹുമാനപ്പെട്ട സ്പീക്കർ അഭിനന്ദിച്ചു.

2007 ജൂൺ മാസം 21-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.41-ന് പിരിഞ്ഞു.